ശ്രീ. എ. കെ. പാച്ചുപിള്ള: തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പോലീസുകാരുടെ ശമ്പളത്തിനു് തമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എങ്ങനെയാണു് ആ വ്യത്യാസം?

ശ്രീ. സി. കേശവൻ: കൊച്ചിയിലെ ശമ്പളം സ്വല്പം കൂടുതലാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കൊച്ചിയിലെ ശമ്പളമനുസരിച്ചു് ഇവിടത്തെ പോലീസുകാരുടെ ശമ്പളവും വർദ്ധിപ്പിക്കാമോ?

ശ്രീ. സി. കേശവൻ: അതു് സ്റ്റാൻറൈസേഷൻ നടക്കുമ്പോൾ ആലോചിക്കുന്നതാണു്.

ശ്രീ. ഇ. ശോചാലകൃഷ്ണമേനോൻ: ഒരേ സർവീസ്സുള്ളവർക്കുതന്നെ ശമ്പളത്തിൽ വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഉണ്ടാകും. അതു് കായ്ക്ഷമത അനുസരിച്ചിരിക്കും.

ശ്രീ. ഗാസ്റ്റർ ഡി സിൽവാ: കൊച്ചിയിലുള്ളവർക്കു് ശമ്പളം കുറവാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ അറിവില്ല.

ശ്രീ. എം. ഐ. പാഠം: രണ്ടു് രാജ്യത്തിലേയും ശമ്പളം രണ്ടുവിധമായിരിക്കുമ്പോൾ എങ്ങനെ സ്റ്റാൻഡൈസു് ചെയ്യും?

ശ്രീ. സി. കേശവൻ: അതു് തിരുവിതാംകൂറിലെപ്പോലെ ശമ്പളം നിശ്ചയിച്ചിട്ടു് കൂടുതൽ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർക്കു് അതു് പേഴ്സനൽ ആയി അനുവദിക്കും.

ശ്രീ. എം. ഐ. പാഠം: ഈ ഇൻറിഗ്രേഷൻ എന്നു പൂർത്തിയാകും?

ശ്രീ. സി. കേശവൻ: ഈ സഭമ്പാകെ തന്നെ പറഞ്ഞിട്ടുണ്ടു്. ഇൻറിഗ്രേഷൻ ശരിപ്പെടുത്തുന്നതിനുള്ള സകല ഏർപ്പാടുകളും പൂർത്തിയായി കഴിഞ്ഞു, ഈ സമയത്തു് പ്രത്യേക താല്പര്യമൊന്നുമില്ലാത്ത ഒരാളെ ഇതു് ഇംപ്ലിമെൻറു ചെയ്യാൻ അനേഷിച്ചുകൊണ്ടിരിക്കുകയാണു് എന്നു്.

ശ്രീ. എം. ഐ. പാഠം: ഇൻറിഗ്രേഷൻ നടന്നിട്ടു് വളരെക്കാലമായി. ഇതുവരെ സർവീസു് സംയോജനം നടത്താത്തതെന്തുകൊണ്ടു്?

Mr. Speaker: That is disallowed.

മദ്യനിരോധനം

* ൭൩൨. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫ്രൻ ഫ്രഞ്ച് സംസ്ഥാനത്തെ മദ്യനിരോധനമേഖല വിപുലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലെ പ്രസ്തുത താലൂക്കുകൾ ഏതെല്ലാം;

(സി) കൊച്ചി വിഭാഗത്തിലെ പ്രസ്തുത താലൂക്കുകൾ ഏതെല്ലാം?

(ഡി) ഈയിനത്തിൽ കുറവു വരുവാൻ ഇടയുള്ള വരുമാനത്തുക ഏകദേശം ഉറപ്പിക്കയായിരിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇല്ല. (ബി, സി, ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

Sri. R. K. Ram: Sir, I do not understand the meaning of the expression in part (a) of the question: "മദ്യനിരോധനമേഖല വിപുലപ്പെടുത്തുവാൻ"

Sri. C. Kesavan: It means whether the Government propose to extend the area of prohibition in 1951.

Sri. T. Kochukrishna Pillai: May I know what exactly stands against extending the area?

Sri. C. Kesavan: There are many reasons of which the financial implications are more important.

TOURING OFFICERS' RATION

***763. [3] Sri. D. Gnanasigamoni:** Will the Hon'ble Minister for Food be pleased to state.—

(*a*) whether officers on tour are permitted to carry sufficient rations with them with special sanction in writing from the food authorities;

(*b*) whether any officer had applied for such a permit;

(*c*) if so, the number of such permits applied for and granted?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

(*c*) Three.

ചവറ മണൽക്കമ്പനി

* ൭൫൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശ്രീ. ചട്ടനാഥക്കുറുപ്പുകളുടെ വക ചവറയിലുള്ള മണൽക്കമ്പനി ഗവൺമെൻറിൽനിന്നും വിലയ്ക്കു എടുത്തോ;

(ബി) എന്നാണ് വിലയ്ക്കു എടുത്തത്;

(സി) എന്തു വില കൊടുത്തു;

(ഡി) ഇതു വിലയ്ക്കു എടുക്കുന്നതിനെ സംബന്ധിച്ച് എത്ര നാളത്തെ ആലോചന നടന്നു;

(ഇ) ഈ കമ്പനിയിൽ ജോലി ഇല്ലാതായിട്ടു എത്ര മാസങ്ങളായി;

(എഫ്) ജോലിയില്ലാതെ അടച്ചുപൂട്ടിയിട്ടിരുന്ന കാലങ്ങളിൽ ഇതിന്റെ സംരക്ഷണത്തിനു എത്ര രൂപാ ചെലവായി;

(ജി) ഈ ചെലവു വഹിച്ചതു ഗവൺമെൻറോ, ശ്രീ. കുറുപ്പുകളോ;

(എച്ച്) ഇപ്പോൾ അവിടെ ജോലി നടക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എടുത്തു.

(ബി) ൧൯൫൦ ജനുവരി ൬-ാം തീയതി.

(സി) ൪,൯൫,൩൩൩ രൂപാ.

(ഡി) ഏകദേശം ഒരു വർഷം.

(ഇ) ഏകദേശം രണ്ടുവർഷം.

(എഫ്) അറിഞ്ഞുകൂടാ.

(ജി) ശ്രീ. ചട്ടനാഥക്കുറുപ്പുകൾ.

(എച്ച്) ഇല്ല. കഴിയുന്നതും വേഗത്തിൽ ഉറപ്പു ജോലിനടത്തുന്നതിനു വേണ്ട നടപടി എടുത്തുവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly